കളക്ടർ, ടൈബൽ ഡെവലപ്മെന്റ് ഓഫീസർ, ഹാബിറ്റാറ്റ് ടെക്നോളജി ചെയർമാൻ എന്നിവരുടെ ഒരു യോഗം ചേരുകയും പദ്ധതി ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർവ്വഹണ ഏജൻസിക്ക് വീണ്ടും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

അഴീക്കോട് മണ്ഡലത്തിലെ കോളനികളിലെ ക്ഷേമ പ്രവർത്തനങ്ങൾ

18(763) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2011 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ ക്ഷേമ പ്രവർത്തനത്തിന് എത്ര തുക വീതം ചെലവഴിച്ചുയെന്നത് സംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകാമോ?

അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും പൂർത്തീകരിക്കാത്തതായുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അത്താഴക്കുന്ന് പുല്ലൂപ്പി കോളനിയിലെ (2019-20) പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. മുണ്ടയാട് സെറ്റിൽമെന്റ് കോളനിയിലെ പ്രവൃത്തികളുടെ (2019-20) റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് 14-9-2021-ന് കേരള ഹൗസിംഗ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ കോളനി വികസനം

19(764) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ കോളനി നവീകരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly